# അജ്ഞാത ദേവൻ !

**റവ. ററി.വി. ജോർജ്ജ് (ഡാളസ്)**

(''പരിശുദ്ധാത്മാവ് നൂററാണ്ടുകളിലൂടെ'' എന്ന ഗ്രന്ഥത്തിന്റെ രചയിതാവാണ് ലേഖകൻ )

പ്രാചീന തത്വചിന്തകന്മാരായ സോക്രട്ടീസ്, പ്ളേറേറാ അരിസ്റേറാട്ടിൽ തുടങ്ങിയവരുടെ പ്രഭാഷണത്തിൽ മതിമയങ്ങിയ ആതൻസ് നിവാസികൾ പുതിയ അനുഭൂതികൾക്കായി ദാഹിച്ചിരിക്കുമ്പോൾ ക്രൂശിന്റെ വക്താവായ വി. പൌലോസ് സുവിശേഷത്തിന്റെ ദീപശിഖയുമായി ഗ്രീസിൽ എത്തിച്ചേർന്നു. സുവിശേഷത്തിന് പ്രവേശിക്കുവാൻ കഴിയാത്ത ഒരു സ്ഥലവും പ്രകൃതി രമണീയമായ ഈ ഭൂമിയിൽ ഇല്ല. ഗ്രേക്കരുടെ സങ്കല്പ ദൈവങ്ങളുടെ മുമ്പിൽ അടിപണിതുവന്ന ജനം ഇതാ പൌലോസിനെ അരയോപകുന്നിലുള്ള സമ്മേളന സ്ഥലത്തേയ്ക്കു ക്ഷണിക്കുന്നു. 'നീ പ്രസ്താവിക്കുന്ന ഈ നവീനോപദേശം ഇന്നതു എന്നു ഞങ്ങൾക്കു അറിയാമോ? നീ ചില അപൂർവ്വ കാര്യങ്ങളെ ഞങ്ങളുടെ ചെവിയിൽ കടത്തുന്നുവല്ലോ; അതു എന്തു എന്നു അറിവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു എന്നു പറഞ്ഞു.'' (അ. പ്രവൃ 17 19_20) ശുദ്ധമനഃസാക്ഷിയോടു സത്യത്തെ പുൽകുവാൻ സന്മനസ്സുള്ള ഏവർക്കും സമയവും മാർഗ്ഗവും ഒരുക്കുന്ന സർവ്വകൃപാലുവായ ദൈവം ഇതാ ഗ്രീസിലെ സത്യാന്വേഷികൾക്ക് ക്രിസ്തുവിന്റെ പാവനമായ സുവിശേഷം ശ്രവിക്കുവാൻ ഒരവസരം ഒരുക്കികൊടുത്തു. തലമുറകൾ പലതു പിന്നിട്ടു എങ്കിലും ഇന്നും ഇതാ കരുണാമസൃണമായ സ്വരത്തിൽ ദൈവം തന്റെ ദാസീദാസന്മാരിലൂടെ ദൈവപുത്രനെ ചുംബിപ്പാൻ ആഹ്വാനംചെയ്യുന്നു. ആർ ചെവിക്കൊള്ളും? ആർ അനുസരിക്കും?

സംസ്ക്കാരത്തിന്റെ കളിത്തൊട്ടിൽ എന്നു വിശേഷിപ്പിക്കാവുന്ന ഗ്രീസിന്റെ തലസ്ഥാന നഗരിയിൽ ഒരു മനുഷ്യനെ കണ്ടുമുട്ടുന്നതിനെക്കാൾ വേഗം ഒരു ദേവന്റെയോ ദേവിയുടെയോ വിഗ്രഹം കണ്ടുമുട്ടുവാൻ കഴിയുമായിരുന്നു എന്നു ചരിത്രകാരന്മാർരേഖപ്പെടുത്തിയിരിക്കുന്നു. കോടികണക്കിന് സങ്കല്പ ദൈവങ്ങളുടെ കുമ്പാരങ്ങൾക്ക മദ്ധ്യേ ''അജ്ഞാതദേവന്നു'' എന്നു എഴുത്തുള്ള ഒരു വേദിക്കല്ലു പൌലോസിന്റെ ശ്രദ്ധയിൽപ്പെട്ടു. ഗ്രേക്കരുടെ കല, സംസ്കാരം, തത്വജ്ഞാനം എന്നിവ ഒന്നു ചേർന്നു വെളിപ്പെട്ടിരുന്നതു്, അവരുടെ ആരാധനയിലായിരുന്നു. ആദ്ധ്യാത്മികമായി അവർ മതഭക്തരായിരുന്നു. തങ്ങളുടെ മനോമസ്തിഷ്ക്കത്തിലൂടെ രൂപം കൊണ്ട ആശയങ്ങൾക്ക് ഒത്തവിധം ദൈവങ്ങളെ നിർമ്മിച്ചാരാധിച്ചു പോന്നു. രൂപവും

MGM Ministries-Article Source: Jyothimargom, June 1988, Vol. 5, No. 6, Page 5 - 8

ഭംഗിയും, ദേവസ്ഥാനവും നല്കി ആരാധിച്ചുവന്ന വിഗ്രഹങ്ങൾ കേവലം ബിംബങ്ങൾ മാത്രമാണെന്നു് ഗ്രഹിപ്പാൻ അന്നത്തെ ജ്ഞാനികൾക്ക് കഴിയാതെ പോയി. കാരണം 'ജ്ഞാനികൾ എന്നു പറഞ്ഞുകൊണ്ടു അവർ മൂഢരായിപ്പോയി' എന്നും, 'തങ്ങളുടെ നിരൂപണങ്ങളിൽ വ്യർത്ഥരായിത്തീർന്നു, അവരുടെ വിവേകമില്ലാത്ത ഹൃദയം ഇരുണ്ടുപോയി' എന്നും ദൈവവചനം പറയുന്നു. (റോമർ 1:20-21. സങ്കീ 115:4-8) ഈ സത്യം അന്നും ഇന്നും ഒന്നുപോലെ യാഥാർത്ഥ്യം തന്നേ. ദൈവകല്പനയെ പ്രാവർത്തികമാക്കാതെ സ്വന്ത മനോനിരൂപണങ്ങൾക്ക് ഒത്തവിധം ആര് എവിടെ എങ്ങനെ ആരാധിച്ചാലും അത് കല്പനാലംഘനവും, സ്വയനീതീകരണവുമാണ്. ദൈവത്തിന്റെ കോടതിയിൽ മനുഷ്യന്റെ പ്രവൃത്തി വിധിച്ചുതള്ളപ്പെടുകയേയുള്ളൂ.

ഇവിടെ ന്യായമായ ഒരു ചോദ്യം ഉദിക്കുന്നുണ്ട്. എന്തുകൊണ്ട് കോടിക്കണക്കിനു് ദൈവങ്ങളെ ഭജിച്ചുവന്ന മതഭക്തരും ജ്ഞാനികളുമായ ഗ്രേക്കർക്ക് യഥാർത്ഥ ദൈവം അജ്ഞാതമായിരുന്നു? മറുപടി ഉണ്ട്. കല്പനാലംഘിയായിതീർന്ന മനുഷ്യൻ അഥവാ പാപിയായി നിത്യ ശിക്ഷായോഗ്യരായി തീർന്ന മനുഷ്യജാതി സൃഷ്ടിതാവിൽ നിന്നും ഓടി ഒളിച്ചവരാകയാൽ അവർക്ക് ഇന്നും സ്വന്തം സൃഷ്ടിതാവു് അജ്ഞാതമാണ്. പരിണാമവാദികൾ തങ്ങളുടെ സൃഷ്ടിതാവിനെ തിരിച്ചറിയാൻ കഴിയാതെ പോയതിന്റെ രഹസ്യവും ഇതുതന്നെയാണ്. എന്നാൽ ദൈവത്തിന്റെ സൃഷ്ടിയിൽ മനുഷ്യനിൽ മാത്രം അടങ്ങിയിരിക്കുന്ന ഒരു ദിവ്യതമുണ്ട്, അതാണ് ദൈവബോധം. തൽഫലമായി അവൻ ദൈവത്തെ തപ്പിനോക്കി കണ്ടെത്തുമോ എന്നുവെച്ചു അവനെ അന്വേഷിക്കുന്നു. പക്ഷേ പാപം ആത്മാവിൽ സ്ഥിതിചെയ്യുന്നിടത്തോളം മനുഷ്യൻ തന്റെ പ്രവൃത്തിയിൽ പരാജയപ്പെടുന്നു. ഇവിടെയാണ് ദൈവം നരാകൃതി പൂണ്ട് മനുഷ്യനായി ഇറങ്ങി വരേണ്ട ആവശ്യം നേരിട്ടതു്. അതേ പാപിയെ രക്ഷിച്ചെടുത്തു് വിശുദ്ധനാക്കി ദൈവതുല്യമാക്കി തീർക്കുവാൻ ദൈവം മനുഷ്യനായി. ഇതത്രെ ക്രിസ്തുമാർഗ്ഗത്തിന്റെ ദൗത്യം.

''അജ്ഞാതദേവന്നു'' എന്ന് എഴുതപ്പെട്ട '**വേദികല്ലിലേക്ക്**' പൗലൊസ് ശ്രദ്ധ കേന്ദ്രീകരിക്കാതെ അവർക്ക് അജ്ഞാതമായിരുന്ന ലോകവും അതിലുള്ളതൊക്കെയും ഉണ്ടാക്കിയ ജീവിക്കുന്ന ഒരു സൃഷ്ടിതാവിലേക്ക് അവരുടെ ശ്രദ്ധയെ തിരിച്ചുവിട്ടു. തന്റെ ദൗത്യം മതപരിവർത്തനമല്ല മനഃപരിവർത്തനമായിരുന്നു. ക്രിസ്തുമാർഗ്ഗം ഒരു മതമല്ല അനുഭവമാണ്. ക്രിസ്തു ഒരു മതസ്ഥാപകനല്ല ലോകരക്ഷിതാവാണ്. തന്നേ മതഗുരുക്കന്മാരുടെ പന്തിയിലിരുത്തി തന്റെ മഹത്വം കഴിച്ചുമൂടുവാൻ അല്ല പൗലോസ് അപ്പോസ്തോലൻ ശ്രമി

ച്ചതു്. പ്രത്യുത മതത്തിന്റെ നീരാളിപ്പിടിയിൽ നിന്നും ക്രിസ്തുവിനെ പുറത്തെടുത്തു് എപ്പിക്കൂറോസിന്റെയും സ്റ്റോയിക്കരുടെയും മുമ്പിൽ തന്നെ ഉയർത്തുകയായിരുന്നു ചെയ്തതു്. ഗ്രീക്കർ ആരാധിച്ചുവന്ന സങ്കല്പ ദേവന്മാരല്ല ലോകത്തെ സൃഷ്ടിച്ചതെന്നും, മനുഷ്യർ ദൈവത്തിന്റെ ആവശ്യങ്ങൾ നിർവ്വഹിച്ചു കൊടുപ്പാൻ അപ്രാപ്തരാണെന്നും, ദൈവം സൽഗുണ സമ്പൂർണ്ണനാണെന്നും താൻ ശക്തിയുക്തം പ്രഘോഷിച്ചു. പൗലോസിന്റെ പ്രസംഗം ഇന്നു കേൾക്കുന്ന നിലയിലുള്ള വിലകുറഞ്ഞ സന്ദേശമായിരുന്നില്ല. പ്രത്യുത, ''ഭോഗമേ മോക്ഷം'' എന്നു പാടി നടന്ന എപ്പിക്കൂറോസിനും, സർവ്വദേവവാദികളായ സ്റ്റോയിക്കർക്കുമെതിരെയുള്ള ഒരു കടന്നാക്രമണവും, ദൈവത്തിന്റെ ആലോചന ഒട്ടും മറച്ചുവെക്കാതെ തുറന്നു് അറിയിക്കുന്ന നീതിപ്രസംഗവുമായിരുന്നു. സ്നേഹിതരേ! നമുക്കു ലഭിക്കുന്ന സുവിശേഷ വേദികൾ രാഷ്ട്രീയം, സാഹിത്യം, ശാസ്ത്രം, ഗുണദോഷം, ലോകസഞ്ചാരവാർത്തകൾ, കുറെ മതചിന്തകൾ എന്നിവ പറഞ്ഞു് സമയം പോക്കുവാനുള്ളതല്ല. വിശക്കുന്നവനു് പാചകവിധി കേട്ടിട്ടു് അർത്ഥമില്ല. തണുക്കുന്നവനു് പുതപ്പിന്റെ മാഹാത്മ്യം ശ്രവിക്കുവാനല്ല നേരം. പാപിക്കു് പള്ളിപ്പെരുന്നാളല്ല, ആത്മരക്ഷകനെയാണാവശ്യം. മരിച്ചവനു് അലങ്കാരവും കൊട്ടും കുരവയുമല്ല, ജീവനാണു് അനിവാര്യമായിട്ടുള്ളതു്. ഈ സത്യം നാം ഗ്രഹിച്ചുകൊണ്ടു് ക്രിസ്തുവിനെ മതത്തിന്റെയും മാറ്റത്തിന്റെയും ഇടുങ്ങിയ ഭിത്തികളിൽ നിന്നും പുറത്തുകൊണ്ടുവരിക! സകല മാനവജാതിയും അവങ്കലേക്കു നോക്കി രക്ഷ പ്രാപിക്കേണ്ടതിനു് അവനെ ഉയർത്തുക. 'ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു.' എന്നുപറഞ്ഞ പിതാക്കന്മാരുടെ കാലത്തു് വിടുവിക്കപ്പെട്ട ആത്മാക്കൾക്കു തുല്യം ഇന്നും ആയിരങ്ങൾ രക്ഷ പ്രാപിക്കട്ടെ.

അജ്ഞാത ദേവനെക്കുറിച്ചു് പറഞ്ഞുതുടങ്ങിയ പൗലൊസ് മാനസാന്തരം, പുനരുത്ഥാനം, ന്യായവിധി എന്നിവയിലേക്കു് അതിവേഗം നീങ്ങി. ഇതാ ജനം രണ്ടു ചേരിയായി പിരിഞ്ഞു. ചിലർ പരിഹസിച്ചു. ചിലർ പിന്നെയും ഈ സത്യം കേൾക്കുവാൻ തയ്യാറായി. ഒരു കൂട്ടർ മറുതലിച്ചു; ഒരു കൂട്ടർ വിശ്വസിച്ചു. ആ തലമുറയ്ക്കു് പൗലൊസ് ഒരു പരിഹാസ വിഷയമായിരുന്നു. സ്നേഹിതരേ! സുവിശേഷത്തിനുവേണ്ടി നീ ധൈര്യമായി നില്ക്കുക. ഒരു വശത്തു് പരിഹാസികൾ അണിനിരക്കട്ടെ! മറുവശത്തു് വിശ്വസിച്ചു ജീവരക്ഷ പ്രാപിക്കുന്നവർ ഇതാ അണിനിരക്കുന്നു. ഭൂരിപക്ഷമല്ല വിജയിക്കുന്നതു്. ദൈവത്തിന്റെ പ്രമാണം സംഖ്യയിൽ അല്ല ഗുണത്തിലാണു് അംഗീകരിക്കപ്പെടുന്നതു്. ഇനിയും ഞാൻ നിറുത്തട്ടെ. അഖിലാണ്ഡത്തെ തന്റെ വാക്കിനാൽ സൃഷ്ടിച്ച ദൈവം—മനുഷ്യന്റെ ഹൃദയ

ത്തിൽ നിത്യത സ്ഥാപിച്ച വൻ—പാപിയെരക്ഷിച്ചിട്ടത് ദൈവപൈതലാക്കി തീർക്കു വാൻ വിൺമഹിമ വെടിഞ്ഞു മണ്ണിൽ പിറന്നവൻ. സ്നേഹിതാ, നിന്റെ ജീവിതത്തിൽ ആരു? അജ്ഞാതദേവനോ അതോ നിന്റെ പ്രാണന്റെ വീണ്ടെടുപ്പുകാരനോ?

—0—

MGM Ministries-Article Source: Jyothimargom, June 1988, Vol. 5, No. 6, Page 5 - 8